സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

September 2025
Vol. 2 Issue 1 pages 60-63

പാലൈ
PALAI பாலை
ISSN No: 3049-0316

# തിരികെയെത്തുന്ന പ്രവാസികൾ

**ഷാലിമ ലിസ്സി ഷാജൻ***



**സംഗ്രഹം**

മലയാളിയുടെ നിത്യജീവിതത്തിൽ ഗൾഫ് പ്രവാസിയുടെ ദൃശ്യവും അദൃശ്യവുമായ സാന്നിധ്യമുണ്ട്. ചോര നീരാക്കി അദ്ധ്വാനിച്ച് സമ്പാദിച്ച പണം നാട്ടിലേയ്ക്കയയ്ക്കുന്ന ഗൾഫുകാരാണ് കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലും വികസനങ്ങളുടെ ചാലകശക്തിയും. ഭക്ഷണത്തിലും വസ്ത്രത്തിലും പാർപ്പിടത്തിലും ആഘോഷങ്ങളിലുമെല്ലാം ഗൾഫ് പ്രവാസത്തിന്റെ അടയാളങ്ങൾ കാണാം. ജീവിതം കരുപിടിപ്പിക്കാനായി സ്വന്തം നാടും വീടും ഉറ്റവരെയും വിട്ട് അന്യനാടുകളിലേയ്ക്ക് പലായനം ചെയ്യുന്നവർക്ക് ദീർഘകാലം പ്രവാസികളായി അവിടെ ജീവിതം നയിക്കേണ്ടി വരുന്നു. ഒടുവിൽ തിരികെ നാട്ടിൽ എത്തുമ്പോഴാകട്ടെ പിറന്ന വീട്ടിലും നാട്ടിലും തന്റെ യഥാർത്ഥ അസ്തിത്വം ഉറപ്പിക്കാനാവാതെ അന്യരാക്കപ്പെടുകയും ചെയ്യുന്നു. ഈ വിധമുള്ള പ്രവാസികളുടെ ജീവിതത്തെ അവതരിപ്പിക്കുവാൻ നമ്മുടെ മലയാള സിനിമകൾക്ക് സാധിച്ചിട്ടുണ്ട്. ഉറ്റവരുടെ ജീവിതത്തെ മെച്ചപ്പെടുത്താനുള്ള കഷ്ടപ്പാടിനിടയിൽ തനിക്കായി ഒന്നും കരുതി വയ്ക്കാൻ മറന്നു പോകുന്ന പ്രവാസികളുടെ നേർചിത്രങ്ങൾ ഈ സിനിമകളിൽ കാണാൻ സാധിക്കുന്നു.

**താക്കോൽ വാക്കുകൾ:** പ്രവാസം, അസ്തിത്വദുഃഖം, അന്യവത്കരണം

## ആമുഖം

'പൊന്നു വിളയുന്നൊരു നാടിനെപ്പറ്റിയുള്ള സങ്കല്പങ്ങൾ എന്നും നമ്മെ ആകർഷിച്ചിരുന്നു. ഒരിക്കൽ അത് സിലോണായിരുന്നു...... പിന്നെ മലയ.....കഴിഞ്ഞ ദശകത്തിൽ കിടപ്പാടം തീറെഴുതിയിട്ടായാലും എത്തിപ്പെട്ടാൽ സമ്പന്നനായി തിരിച്ചുവരാൻ പറ്റിയൊരു നാടിനെപ്പറ്റി പടിഞ്ഞാറൻ കരയിൽ കഥകൾ പരന്നു. ആയിരക്കണക്കിന് യുവാക്കൾക്ക് ഓമനിക്കാൻ ഒരു സ്വപ്നമുണ്ടായി....ദുബായ്'

1980-ൽ പുറത്തിറങ്ങിയ 'വില്ക്കാനുണ്ട് സ്വപ്നങ്ങൾ' എന്ന ചിത്രത്തിന്റെ ആമുഖമായി കൊടുത്തിരിക്കുന്നതാണ് മുകളിൽ ഉദ്ധരിച്ച ഭാഗം. സാമ്പത്തികമായി ഉയർന്ന നിലയിലെത്താൻ ഗൾഫ് ജീവിതം കൊണ്ട് സാധിക്കുമെന്നുള്ള ഇത്തരം ചിന്തകൾ അക്കാലത്ത് പരക്കെയുണ്ടായിരുന്നു. എന്നാൽ ധാരാളിത്തത്തിന്റെയും ആർഭാടത്തിന്റെയും നിറപ്പകിട്ടാർന്നതു മാത്രമല്ല പ്രവാസികളുടെ ജീവിതമെന്ന് തുറന്നു കാട്ടുന്ന ഏതാനും ചില മലയാള സിനിമകൾ പ്രവാസജീവിതത്തിന്റെ ഇരുണ്ട വശങ്ങളെക്കൂടി മലയാളികൾക്ക് പരിചയപ്പെടുത്തി. അതോടൊപ്പം ബെന്യാമിന്റെ 'ആടുജീവിതം' എന്ന നോവലും സാധാരണക്കാരായ

---

* ഗവേഷിക, മലയാളവിഭാഗം, സെന്റ് തോമസ് കോളേജ് പാലാ

വായനക്കാരിലേയ്ക്ക് മരുഭൂമിയുടെ തീവ്രവും ക്രൂരവുമായ ഭാവത്തെക്കൂടി പരിചിതമാക്കി. പണത്തിന്റെ സുഖലോലുപത മാത്രമല്ല പ്രവാസിയുടെ ജീവിതമെന്നും ചോര നീരാക്കിയുള്ള അദ്ധ്വാനത്തിന്റെയും സ്വാർത്ഥത വെടിഞ്ഞുള്ള മാറ്റിവയ്ക്കലിന്റെയും കൂടിയാണ് പ്രവാസം എന്നുകൂടി ഈ ചലച്ചിത്രങ്ങൾ മനസ്സിലാക്കി തരുന്നു.

എം.ടി. വാസുദേവൻ നായർ എഴുതി ആസാദ് സംവിധാനം ചെയ്ത 'വില്ക്കാനുണ്ട് സ്വപ്നങ്ങൾ' (1980) എന്ന സിനിമയാവണം ഗൾഫിൽ വച്ച് ചിത്രീകരിച്ച ആദ്യ മലയാള സിനിമ. പൊന്നുവിളയുന്ന നാട് എന്ന ഗൾഫിനെക്കുറിച്ചുള്ള അക്കാലത്തെ മലയാളിയുടെ സങ്കൽപ്പത്തെ പൊളിച്ചെഴുതുന്ന ദൃശ്യങ്ങളും പരാമർശങ്ങളും ഈ സിനിമയിൽ ഉണ്ടായിരുന്നു. ഈ നാട് (1982), വിസ (1983), അക്കരെ (1984), അക്കരെ നിന്നൊരു മാരൻ (1985), വരവേൽപ്പ് (1989), കല്ല് കൊണ്ടൊരു പെണ്ണ് (1998), ഗർഷോം (1999), അറബിക്കഥ (2007), ഗദ്ദാമ (2010), പത്തേമാരി (2015), ടേക്ക് ഓഫ് (2017) തുടങ്ങിയ സിനിമകൾ പ്രവാസ ജീവിതത്തിന്റെ ദുരിതവശങ്ങളെ അടയാളപ്പെടുത്തിയ സിനിമകളാണ്.

## അന്യരാക്കപ്പെടുന്ന പ്രവാസികൾ

നീണ്ടകാലത്തെ ഗൾഫ് ജീവിതം അവസാനിപ്പിച്ച് നാട്ടിലേയ്ക്ക് മടങ്ങി വരുന്ന നായക കഥാപാത്രങ്ങളുടെ ജീവിതം പ്രമേയമാക്കിയ ചലച്ചിത്രങ്ങളാണ് വരവേൽപ്പ്, ഗർഷോം എന്നിവ. ഒരേ പ്രമേയത്തെ തന്നെ വ്യത്യസ്തമായ രീതിയിൽ ഈ സിനിമകളിൽ കൈകാര്യം ചെയ്തിരിക്കുന്നു. വരവേൽപ്പ് എന്ന സിനിമയിൽ നർമ്മത്തിലൂന്നിയും ഗർഷോമിൽ റിയലിസ്റ്റിക്കായും പ്രവാസിയുടെ മടങ്ങി വരവിനെയും തുടർന്നുള്ള സംഭവങ്ങളെയും അവതരിപ്പിച്ചിരിക്കുന്നു.

## വരവേൽപ്പ്

സത്യൻ അന്തിക്കാടിന്റെ സംവിധാനത്തിൽ മോഹൻലാൽ, ശ്രീനിവാസൻ, മുരളി, തിലകൻ, രേവതി, കെ.പി.എ.സി.ലളിത, മീന തുടങ്ങിയവർ പ്രധാന വേഷങ്ങളിൽ അഭിനയിച്ച് 1989-ൽ പുറത്തിറങ്ങിയ മലയാള ചലച്ചിത്രമാണ് വരവേൽപ്പ്. ഏഴു വർഷത്തെ പ്രവാസം അവസാനിപ്പിച്ച് കുറച്ച് ബാങ്ക് ബാലൻസുമായി നാട്ടിലെത്തി ബിസിനസ്സ് ചെയ്തു ശിഷ്ടകാലം ജീവിക്കാനായി തിരികെയെത്തുന്ന മുരളീധരൻ (മോഹൻലാൽ) എന്ന നായക കഥാപാത്രത്തിന്റെ ജീവിതമാണ് ഈ ചിത്രത്തിന്റെ പ്രമേയം. മരുഭൂമിയിൽ കല്ല് ചുമന്നും അറബിയുടെ ആട്ടും തുപ്പും കൊണ്ടും അദ്ധ്വാനിച്ചുണ്ടാക്കിയ കാശു കൊണ്ട് ഒരു ബസ് സർവ്വീസ് തുടങ്ങുന്നു. മുരളിയെ തന്റെ തൊഴിലാളി തന്നെ ആദ്യം വഞ്ചിക്കുന്നു. ഈ പ്രശ്നത്തിൽ ഇടപെട്ട തൊഴിലാളി യൂണിയൻ നേതാവിന്റെ കണ്ണിലെ കരടാവുന്ന മുരളിയെ നേതാവും കൂട്ടരും പരമാവധി ദ്രോഹിക്കുകയും അയാളുടെ ഗൾഫ് മോട്ടോഴ്സ് എന്ന ബസ് നശിപ്പിക്കുകയും ചെയ്യുന്നു. ബസ് നന്നാക്കുവാൻ യാതൊരു വഴിയും കാണാതെ നാടും വീടും മടുത്ത മുരളി തിരികെ ഗൾഫിലേക്ക് തന്നെ തിരിച്ചുപോകുന്നതുമാണ് നർമ്മത്തിന്റെ പശ്ചാത്തലത്തിൽ വരവേൽപ്പ് എന്ന സിനിമയിൽ ആവിഷ്കരിക്കുന്നത്.

നാട് മാറിയതും തന്റെ പണത്തിന് വേണ്ടി സ്നേഹം നടിക്കുന്ന വീട്ടുകാരുടെ സ്വഭാവം മാറിയതും മനസിലാക്കാൻ സാധിക്കാത്ത നിഷ്കളങ്കനായ മുരളിയെ ആദ്യഭാഗങ്ങളിൽ കാണാം. അയാളുടെ പണം കൊണ്ടാണ് പണയത്തിലായിരുന്ന വീട് തിരികെയെടുക്കുന്നതും സഹോദരന്മാർ കരകയറുന്നതും. മുരളി നാട്ടിലെത്തുന്ന ദിവസം ചേട്ടത്തിമാർ മത്സരിച്ചാണ് ഭക്ഷണമുണ്ടാക്കുന്നതും മുരളിയെ പരിചരിക്കുന്നതും. എന്നാൽ ഇനി തിരികെ ഗൾഫിലേയ്ക്ക് പോകുന്നില്ല എന്നറിയുമ്പോൾ മുതൽ ഇവരുടെ സ്വഭാവത്തിൽ വരുന്ന മാറ്റം അയാൾ മനസ്സിലാക്കുന്നു. ഗൾഫിലെത്തിയ ആദ്യനാളുകളിൽ തനിക്ക് അവിടെ കല്ല് ചുമക്കലായിരുന്നു എന്ന വീട്ടുകാരോടു പറയുമ്പോൾ വളരെ അവജ്ഞയോടെ ഇത് പുറത്താരോടും പറയണ്ട നാണക്കേടാണെന്ന് രണ്ടാമത്തെ ജ്യേഷ്ഠൻ (ജനാർദ്ദനൻ) പറയുന്നുണ്ട്. മുരളിയുടെ തൊഴിലിനോടുള്ള പുച്ഛം അയാൾ സമ്പാദിക്കുന്ന പണത്തിനോടില്ല എന്നത് വ്യക്തമാക്കുന്ന സന്ദർഭമാണിത്.

അക്കാലത്ത് ഗൾഫിൽ ജോലി ചെയ്തിട്ടുള്ളവർക്ക് ലഭിച്ചിരിക്കുന്ന സ്വീകാര്യതയും ബഹുമാനവും നാട്ടിൽ തിരികെയെത്തിയ തനിക്കും ലഭിക്കുമെന്ന മിഥ്യാധാരണ അയാൾക്കുണ്ടായിരുന്നു. എന്നാൽ തന്റെ ബിസിനസ്സ് മെച്ചപ്പെടാത്ത അവസ്ഥ മുന്നോട്ടുപോയപ്പോൾ തന്റെ പോക്കറ്റ് കാലിയാകുന്നതിനനുസരിച്ച് തന്നോടുള്ള ആളുകളുടെ മനോഭാവം മാറുന്നത് അയാൾ തിരിച്ചറിയുന്നു. യൂണിയന്റെ ആളുകൾ തന്റെ ബസ് തകർത്തതിനുശേഷം ജീവിതം വഴിമുട്ടിയ അവസ്ഥയിൽ വീട്ടിലെത്തുമ്പോൾ മകന്റെ പിറന്നാൾ സദ്യ കഴിച്ച് സംതൃപ്തിയോടെ ഇരിക്കുന്ന സഹോദരങ്ങളെ കാണാം. ഇവരോടു ബസ് ശരിയാക്കുന്നതിനായി

പണം ചോദിക്കുമ്പോൾ ഇവർ നിർദ്ദയം കൈയൊഴിയുന്നു. നാടും വീടും ഉറ്റവരും തനിക്ക് അന്യമാവുന്നത് മുരളി വേദനയോടെ തിരിച്ചറിയുന്നു. ഈ ഒറ്റപ്പെടലിൽ നിന്നും രക്ഷപെടുന്നതിനും ജീവിതം തിരികെ പിടിക്കുന്നതിനുമായി അയാൾ വീണ്ടും പ്രവാസത്തിലേക്ക് മടങ്ങുന്നു.

**ഗർഷോം**

പി.ടി. കുഞ്ഞുമുഹമ്മദ് സംവിധാനം ചെയ്ത 1999-ൽ പുറത്തിറങ്ങിയ മലയാള ചലച്ചിത്രമാണ് ഗർഷോം. മുരളി, ഉർവ്വശി, മധു, സിദ്ധിഖ് എന്നിവരാണ് മുഖ്യകഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്. പന്ത്രണ്ട് വർഷത്തെ ദുരിത ജീവിതത്തിനുശേഷം ഗൾഫിൽ നിന്നും തിരികെയെത്തുന്ന നസുറുദ്ദീന്റെ (മുരളി) ജീവിതത്തിന്റെ റിയലിസ്റ്റിക്ക് അവതരണമാണ് ഈ സിനിമ. വരവേൽപ്പിൽ അവിവാഹിതനായ നായക കഥാപാത്രം ആയിരുന്നെങ്കിൽ ഗർഷോമിൽ വിവാഹിതനും രണ്ട് കുട്ടികളുടെ പിതാവുമാണ് നായകനായ നസുറുദ്ദീൻ. അത്രയും കാലത്തെ പ്രവാസജീവിതം കൊണ്ട് തന്റെ കുടുംബത്തിനുവേണ്ടി കാര്യമായൊന്നും സ്വരൂപിക്കാൻ അയാൾക്ക് സാധിച്ചിരുന്നില്ല. അതുകൊണ്ടാണ് താൻ ഇനി തിരികെ പോകുന്നില്ല എന്ന വിവരം ഭാര്യയോടു പറയുമ്പോൾ അവൾക്ക് സന്തോഷത്തേക്കാൾ ഉപരി ആധിയാവുന്നത്. ഗൾഫുകാരായ തങ്ങളുടെ മറ്റു ബന്ധുക്കളൊക്കെ സമ്പന്നരായിട്ടും ഇക്കാലംകൊണ്ട് തങ്ങൾക്ക് ജീവിതം അത്തരത്തിൽ വളർത്തിയെടുക്കാൻ സാധിക്കാത്തതിലുള്ള ആധിയാണ് അവളെ അലട്ടിയിരുന്നത്. എന്നാലും തുടർന്നുള്ള ജീവിതം ദുരിതപൂർണ്ണമാകുമ്പോഴും അയാളെ കുറ്റപ്പെടുത്താതെ എല്ലാം സഹിച്ച് അയാൾക്ക് താങ്ങായി അവൾ ജീവിക്കുന്നു.

കടം വാങ്ങിയും വീടും സ്ഥലവും പണയപ്പെടുത്തിയും നസുറുദ്ദീൻ നാട്ടിലെ ഒരു ഇലക്ട്രിക് ഷോപ്പ് വാങ്ങുന്നു. എന്നാൽ കച്ചവടത്തിലുള്ള പരിചയക്കുറവും സാമ്പത്തിക കുറവും കച്ചവടത്തെ ബാധിക്കുന്നു. സത്യസന്ധമായി കണക്കു സൂക്ഷിച്ചതിന്റെ പേരിൽ അയാൾക്ക് വലിയ തുക നികുതിയായി നൽകേണ്ടതായി വരുന്നു. അതു നൽകാത്തതിനാൽ കട ജപ്തി ചെയ്യപ്പെടുന്നു. ബാങ്ക് ലോണും പലിശക്കെടുത്ത കാശ് തിരികെ കൊടുക്കാത്തതിന്റെയും പേരിൽ ജയിൽ വാസം വരെ അനുഭവിക്കേണ്ടതായി വരുന്നു. ഈ ഗതികേടിൽ നിന്നും രക്ഷപെടാനായി അയാൾ വീണ്ടും ഗൾഫിലേയ്ക്ക് മടങ്ങുന്നതായി കാണിച്ച് സിനിമ അവസാനിക്കുന്നു.

'എല്ലാം മായ്ക്കുകയും മറയ്ക്കുകയും ചെയ്യുന്ന മണ്ണാണത്. വിചിത്രമായ ലോകം, വിചിത്രമായ ബന്ധങ്ങൾ, ഉയർച്ചയും താഴ്ചയും കണ്ണടച്ചു തുറക്കുമ്പോഴേയ്ക്കും നടക്കുന്ന അത്ഭുതലോകം. ആരും ആരെയും കുറ്റപ്പെടുത്തേണ്ടതില്ല' നസുറുദ്ദീന്റെ ബാല്യകാല സുഹൃത്തായിരുന്ന സുലൈമാനെപ്പറ്റി മാഷ് (മധു) ചോദിക്കുന്ന അവസരത്തിൽ അയാൾ പറയുന്ന മറുപടിയാണിത്. പ്രവാസ ജീവിതത്തിന്റെ ഭാഗ്യദൗർഭാഗ്യങ്ങൾ ഈ വാക്കുകളിൽ കാണാം. ഗൾഫിലെ സൂപ്പർ മാർക്കറ്റിൽ ജോലിക്കാരനായിരുന്ന തന്നെ കണ്ടിട്ടും അറിയാത്ത മട്ടിൽ പോകുന്ന സുലൈമാനെ അയാൾ ഓർക്കുന്നു. അതുമാത്രമല്ല തന്റെ സഹോദരിയുടെ മകളും ഭർത്താവും ലേബർ ക്യാമ്പിലെ അയാളുടെ അവസ്ഥ കണ്ടിട്ട് പുച്ഛത്തോടെ മടങ്ങിപോകുന്നതും അയാൾ ഓർക്കുന്നു. തന്റെ ഭാഗ്യക്കേടിൽ മറ്റാരെയും കുറ്റപ്പെടുത്താതെ എല്ലാത്തിനെയും പരാതികളില്ലാതെ സഹിക്കാൻ അയാൾക്ക് സാധിക്കുന്നുണ്ട്.

നിയോ റിയലിസത്തിന്റെയും ഫാന്റസിയുടെയും ഇടകലർന്ന ആഖ്യാനരീതി ഈ സിനിമയിൽ സംവിധായകൻ ഉപയോഗിച്ചിരിക്കുന്നതായി വി.കെ. ജോസഫ് 'പ്രവാസികളാകുന്നവരെക്കുറിച്ച് ഒരു സിനിമ' എന്ന ലേഖനത്തിൽ അഭിപ്രായപ്പെടുന്നുണ്ട്. "ദൈവം, ഗാന്ധി, ഉപ്പ, അറബികൾ എന്നിവരുമായുള്ള കൂടിക്കാഴ്ചകളിലൂടെ ഈ സിനിമ വ്യക്തി, കുടുംബം എന്ന സാധാരണീകരണത്തിൽ നിന്ന് സ്വയം മോചിതരാവുകയും സാമൂഹ്യപരവും രാഷ്ട്രീയപരവുമായ കാഴ്ചയുടെ സാധ്യതകളിലേയ്ക്ക് വികസിക്കുകയും ചെയ്യുന്നുണ്ട്. സിനിമയിലുപയോഗിച്ചിരിക്കുന്ന ആഖ്യാനരീതികൊണ്ട് സൃഷ്ടിച്ചെടുത്ത യാഥാർത്ഥ്യത്തിന്റെ തോന്നലുകളെയും തുടർച്ചയെയും തടസ്സപ്പെടുത്തിക്കൊണ്ട്, നസുറുദ്ദീന്റെ ഫാന്റസികളുടെ ലോകം തുറക്കുമ്പോഴൊക്കെ ഇത് സിനിമയാണെന്ന് ഓർമിക്കാനും യഥാർത്ഥ ലോകാനുഭവങ്ങളെ ചിന്തയുടെ ബലത്തിൽ സമീപിക്കാനും സാധ്യമാവുന്നു. ഫാന്റസി സീനുകൾക്ക് തൊട്ടുമുമ്പും അതിനുശേഷവും ഓരോ ഷോട്ടുകളുടെ തുടർച്ചയും കഥാന്തരീക്ഷവും കഥാപാത്രങ്ങളും തമ്മിലുള്ള സ്വാഭാവിക ബന്ധത്തിന്റെയും സംഘർഷത്തിന്റെയും പടിപടിയായുള്ള വികാസത്തിന് സാധ്യമാവുന്ന രീതിയിലാണ് ബന്ധിച്ചിരിക്കുന്നത്".

എഴുത്തിലും വായനയിലും ഏറെ താത്പര്യം ഉണ്ടായിരുന്ന ഗാന്ധിയുടെ ജീവിതത്തെ വായിച്ചറിഞ്ഞ ആദർശശുദ്ധിയും സത്യസന്ധതയും മുറുകെ പിടിച്ചിരുന്ന വ്യക്തിയായിരുന്നു നസുറുദ്ദീൻ. തന്റെ വിഷമഘട്ടങ്ങളിൽ ഗാന്ധിയുമായും ബാപ്പയുമായി സംവദിക്കുന്ന നസറുദ്ദീൻ ചില അവസരങ്ങളിൽ ഭ്രമാത്മകമായ ഒരവസ്ഥയിൽ എത്തിച്ചേരുന്നുണ്ട് എന്നതിന് തെളിവാണ് ഗാന്ധിയും ഉപ്പയും അറബിയുമായുള്ള കൂടിക്കാഴ്ചകൾ.

നസുറുദ്ദീന്റെയും കുടുംബത്തിന്റെയും വേദനകളും അപമാനങ്ങളും അയാളനുഭവിക്കേണ്ടി വന്ന ശിക്ഷകളും വേദനാ നിർഭരമായ പ്രവാസ ജീവിതാനുഭവങ്ങളും ഒരു കേരളീയനുഭവമായി മാറുമ്പോൾ തന്നെ മൂന്നാം ലോകരാജ്യങ്ങളിലെ മനുഷ്യരുടെയും ലോകമെങ്ങുമുള്ള പ്രവാസികളുടെയും സന്നിഗ്ധതകളിലേയ്ക്ക് കൂടി ഗർഷോം ഒരു വാതിൽ തുറക്കുന്നു.

## ഉപസംഹാരം

ജീവിതം പച്ചപിടിപ്പിക്കാനാവാതെ തിരികെ നാട്ടിലേയ്ക്ക് മടങ്ങേണ്ടി വരുന്ന പ്രവാസികളെ ആളുകൾ എങ്ങിനെയാണ് സ്വീകരിക്കുകയെന്ന് കാണിച്ചു തരുന്നതാണ് വരവേൽപ്പ്, ഗർഷോം എന്നീ രണ്ടു സിനിമകൾ. ഒരേ പ്രമേയത്തിന്റെ വ്യത്യസ്തമായ ആഖ്യാനങ്ങളിലൂടെ ഈ ചലച്ചിത്രങ്ങൾ മലയാളികളുടെ മനസ്സിൽ ഇടം നേടുന്നു. പ്രവാസികളായി തീരുന്ന മനുഷ്യരുടെ നിസ്സഹായവസ്ഥകൾ, ഗൾഫ് ജീവിതത്തിന്റെ പ്രതീക്ഷകളും ദുരിതങ്ങളും, നീണ്ടു നിവർന്നു കിടക്കുന്ന മണലാരണ്യത്തിന്റെ ചതിക്കുഴികളും ഇത്തരം സിനിമകൾ അവതരിപ്പിക്കുന്നുണ്ട്. അറബിയുടെ വീട്ടിൽ ജോലിക്കാരിയായി എത്തുന്ന അശ്വതി(കാവ്യ മാധവൻ) എന്ന കഥാപാത്രത്തിന് അനുഭവിക്കേണ്ടി വരുന്ന ശാരീരികവും മാനസികവുമായ ദുരിതങ്ങളെ അവതരിപ്പിച്ച കമൽ സംവിധാനം ചെയ്ത 'ഗദ്ദാമ'(2010), വാർദ്ധക്യം വരെ ജോലി ചെയ്തു സമ്പാദിച്ചാലും അവസാനിക്കാത്ത പ്രവാസിയുടെ ജീവിത പ്രാരാബ്ധങ്ങളെ പള്ളിക്കൽ നാരായണൻ (മമ്മൂട്ടി എന്ന കഥാപാത്രത്തിന്റെ ജീവിതത്തിലൂടെ അവതരിപ്പിച്ച സലിം അഹമ്മദിന്റെ 'പത്തേമാരി' (2015) എന്നീ ചിത്രങ്ങൾ പ്രവാസ ജീവിതം പ്രമേയമായി ഈ അടുത്ത കാലത്ത് ഇറങ്ങിയ മികച്ച സിനിമകളാണ്.

'കഥയെക്കാൾ വിചിത്രമായ ജീവിതമുണ്ടാകും നമ്മളറിയാത്ത പലമനുഷ്യർക്കും' എന്ന് ഗദ്ദാമ എന്ന ചിത്രത്തിൽ റസാക് (ശ്രീനിവാസൻ) എന്ന കഥാപാത്രം പത്രാധിപരോട് പറയുന്നുണ്ട്. ഇതോടൊപ്പം ആടുജീവിതം എന്ന നോവലിന്റെ ഉപശീർഷകമായി ബെന്യാമിൻ ചേർത്തിരിക്കുന്ന 'നാം അനുഭവിക്കാത്ത ജീവിതങ്ങളൊക്കെയും നമുക്ക് കെട്ടുകഥകളായിരിക്കും' എന്ന വാക്യവും അന്യനാടുകളിൽ അഭയം തേടുന്ന എല്ലാ പ്രവാസികളുടെയും ജീവിതത്തിന്റെ അപ്രവചനീയതയെ സൂചിപ്പിക്കുന്നവയാണ്.

## കുറിപ്പുകൾ

1. ജോസഫ് വി.കെ., ദേശം പൗരത്വം, സിനിമ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം. 2010, പേജ് 117

## സഹായക ഗ്രന്ഥങ്ങൾ

1) ജോസഫ് വി.കെ., ദേശം പൗരത്വം, സിനിമ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം. 2010
2) സിബു മോടയിൽ (ഡോ)., അരങ്ങു മുതൽ അഭ്രപാളിവരെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011
3) www.youtube.com